**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3353** **11-03-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി, പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | നിലവിലുള്ള സ്ഥിതി |
|---|---|---|---|
| 1 | പ്ലാൻ സ്കീം 2021-22, പെരളം വില്ലേജ് ഓഫീസ് ചുറ്റുമതിൽ നിർമ്മാണം | 5,00,000 | പൂർത്തിയാക്കി |
| 2 | പ്ലാൻ സ്കീം 2022-23, രാമന്തളി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം | 50,00,000 | 80 ശതമാനം പൂർത്തീകരിച്ചു. ചുറ്റുമതിൽ നിർമ്മാണം, ഇന്റർലോക്കിംഗ് പ്രവൃത്തികൾ ബാക്കിയുണ്ട്. |
| 3 | പ്ലാൻ സ്കീം 2023-24, വെള്ളോറ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം | 50,00,000 | നിർവ്വഹണ ഏജൻസിയെ തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |
| 4 | പെരിങ്ങോം - Special Assistance to States for Capital Investment 2024-25 | 45,00,000 | പൊതുമരാമത്ത് വകുപ്പിന് ഫണ്ട് നിക്ഷേപിച്ചു. നിർവ്വഹണാനുമതി നൽകി. |

(ബി) ഈ കാലഘട്ടത്തിൽ മണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു എന്ന് അറിയിക്കാമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആകെ 690 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പട്ടയങ്ങളുടെ വിവരം | പട്ടയങ്ങളുടെ എണ്ണം |
|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | 1 | **എൽ.എ പട്ടയം** | **78**<br>(ലക്ഷം വീട് പട്ടയം 58 ;<br>ഭൂദാന പട്ടയം 11 , മറ്റ് -9) |
| | | | | 2 | **മിച്ചഭൂമി പട്ടയം** | **49** |
| | | | | 3 | **ലാന്റ് ട്രിബ്യൂണൽ പട്ടയം** | **563** |
| | | | | | **ആകെ** | **690** |

സെക്ഷൻ ഓഫീസർ